"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പെറ്റി ക്യാഷ് അക്കൗണ്ടിൽ പരമാവധി 25,000/- രൂപ വരെ സൂക്ഷിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.185/2025/DMD    തീയതി 28-03-2025,തിരുവനന്തപുരം

---

പരാമർശം:-    1) 01/02/2012ലെ സ.ഉ(സാധാ)നം 603/2012/ഡിഎംഡി ഉത്തരവ്
2) 19/07/2018ലെ സ.ഉ(സാധാ)നം397/2018/ഡിഎംഡി ഉത്തരവ്
3) 28/11/2024 തീയതിയിലെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ DM/641/SDMA നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ദുരന്തനിവാരണ അതോറിട്ടിയുടെ അടിയന്തിര ദൈനംദിനാവശ്യങ്ങൾ നിറവേറ്റുന്നതിനു അതോറിട്ടി ഫണ്ടിൽ പണം ലഭ്യമാണെങ്കിലും ചെറിയ തുകകൾപോലും ചെക്കെഴുതി മാറുന്നത് അനാവശ്യ കാലതാമസം നേരിടുന്നു എന്ന് കണ്ടതിനാൽ ടി ഇനത്തിൽ ഉൾപ്പെട്ടു വരുന്നതും പരമാവധി 5,000/-രൂപാ (അയ്യായിരം രൂപാ മാത്രം) വരെയുള്ളതുമായ ചെലവുകൾ നിവർത്തിക്കുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം ലാൻറ് റവന്യൂ കമ്മീഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ നിയന്ത്രണത്തിൽ ഒരു പെറ്റി ക്യാഷ് അക്കാണ്ട് ആരംഭിക്കുകയുണ്ടായി. പരാമർശം (2) ഉത്തരവ് പ്രകാരം പെറ്റി ക്യാഷ് അക്കൗണ്ടിൽ 15,000/ രൂപ വരെ സൂക്ഷിക്കാൻ അനുമതി നല്കി ഉത്തരവായിരുന്നു.

എന്നാൽ 24x7 ഇ.ഒ.സി പ്രവർത്തിക്കുന്ന സമയത്ത് അടിയന്തിര ചെലവുകൾക്ക് മേൽ തുക തികയാതെ വരുന്ന സാഹചര്യം വരികയും ഒരു മാസം തന്നെ രണ്ടു മൂന്ന് തവണ പെറ്റി ക്യാഷ് റീക്കൂപ്പ് ചെയ്യേണ്ടി വരികയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കാൻ പരമാവധി 25,000/- രൂപ വരെ പെറ്റി ക്യാഷ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പെറ്റി ക്യാഷ് അക്കൗണ്ടിൽ പരമാവധി 25,000/- രൂപ വരെ സൂക്ഷിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ദുരന്ത നിവാരണം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ്(Vide UO(N) 3001040/Exp-D3/144/2024-Fin dated 25/03/2025)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 01-04-2025 10:32:31**
സെക്ഷൻ ഓഫീസർ